# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/65/2018 — 2018 മാർച്ച് 26

## പത്രക്കുറിപ്പ്

### സ്വാശ്രയ കോളേജ് അദ്ധ്യാപകയോഗം മാറ്റി

ഏപ്രിൽ 20ന് ആരംഭിക്കുന്ന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മാർച്ച് 27, 28 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ യോഗങ്ങൾ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

### പ്രാക്ടിക്കൽ

2018 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 2, 3 തീയതികളിൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി (പി.ജി.സി.എസ്.എസ്., സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 9 വരെ അപേക്ഷിക്കാം.

### എം.ഫിൽ സംവരണ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2017-18 ബാച്ച് എം.ഫിൽ എജ്യൂക്കേഷൻ കോഴ്സിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഒരു സീറ്റൊഴിവ് ഉണ്ട്. പ്രസ്തുത വിഭാഗങ്ങളുടെ അഭാവത്തിൽ പൊതുവിഭാഗത്തിലുള്ളവരെയും പരിഗണിക്കുന്നതായിരിക്കും. യോഗ്യതയുള്ളവർ മാർച്ച് 28ന് രാവിലെ 10ന് അസ്സൽ രേഖകളുമായി ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം. ഫോൺ: 0481 - 2731042.

### എം.ഫിൽ കോഴ്സ് പ്രവേശനം

സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ 2017-18 അദ്ധ്യയന വർഷത്തെ എം.ഫിൽ കോഴ്സ് പ്രവേശനം ലഭിച്ചവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ്: www.mgu.ac.in.

### എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറി അംഗത്വം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 450 നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാർക്ക് ബ്രിട്ടീഷ് കൗൺസിലിന്റെ ഡിജിറ്റൽ ലൈബ്രറി അംഗത്വം സൗജന്യമായി നൽകുന്നതാണ്. എൽ.എസ്.എസ്. യൂണിറ്റുകളുള്ള എല്ലാ കോളേജുകളും മികച്ച 5 എൻ.എസ്.എസ്. വോളണ്ടിയർമാരുടെ വിവരങ്ങൾ ഇന്ന് (മാർച്ച് 27) വൈകീട്ട് 4 മണിക്ക് മുൻപ് സർവ്വകലാശാലയിലെ എൻ.എസ്.എസ്. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

### സൗജന്യ ശ്രവണസഹായി വിതരണം ചെയ്തു

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും, തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗും സംയുക്തമായി സംഘടിപ്പിച്ച സൗജന്യ ശ്രവണസഹായി വിതരണ ഉദ്ഘാടനം മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. പി.കെ. പത്മകുമാർ നിർവ്വഹിച്ചു. ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.ടി. ബാബുരാജ്, തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗി

ലെ സോഷ്യൽ വർക്കർ എൽ. രജിത എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും, തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗും സംയുക്തമായി സംഘടിപ്പിച്ച സൗജന്യ ശ്രവണസഹായി വിതരണം മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. പി.കെ. പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു. ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.ടി. ബാബുരാജ്, എൽ. രജിത, എൻ.എൻ. ഹേന എന്നിവർ സമീപം**

**ഭരണഘടനയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനുള്ള മാനസികാവസ്ഥ ജനങ്ങൾക്കുണ്ടാവണം - ഡോ. റോസ് വർഗീസ്**

ഭരണഘടനയുടെ അന്തസത്ത ഉൾക്കൊള്ളുന്ന മാനസികാവസ്ഥ സംജാതമാകുമ്പോൾ മാത്രമേ ഭരണഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുകയുള്ളൂ എന്ന് കൊച്ചി നുവാൽസ് വൈസ് ചാൻസലർ ഡോ. റോസ് വർഗീസ്. മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ഈ വർഷത്തെ ഡോ. അംബേദ്കർ സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു ഡോ. റോസ് വർഗീസ്. വകുപ്പദ്ധ്യക്ഷൻ സുനിൽകുമാർ സിറിയക്, കോട്ടയം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. സി.എസ്. അജയൻ, ഡോ. ഷീബ പിള്ള, ഡോ. രജീഷ് എ.പി., കീർത്തന പി.ഡി. എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന ഈ വർഷത്തെ അംബേദ്കർ സ്മാരക പ്രഭാഷണത്തിൽ കൊച്ചി ന്യുവാൽസ് വൈസ് ചാൻസലർ ഡോ. റോയ് വർഗീസ് സംസാരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**